Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1562(1) തീയതി: 07.01.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - പുതിയ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളതിൽ ഉൾപ്പെടെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ. ഉ(സാധാ) നം, 361/2018/പൊ.വി.വ തീയതി 20.01.2018.

2. കൈറ്റിന്റെ 13.02. 2018 ലെ KITE/2018/1515-1(5) നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് ആരംഭിക്കുന്നതിന് സൂചന ഒന്നുപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന 1898 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ 2019-20 ലേക്ക് പുതുതായി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുണ്ട്. കൂടാതെ യൂണിറ്റുകൾ ഇല്ലാത്ത ധാരാളം ഹൈസ്കൂളുകൾ യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യപ്പെടുന്നുമുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള യൂണിറ്റുകളിലേക്ക് പുതിയ ബാച്ചിനെ തെരഞ്ഞെടുക്കുന്നതിനും സൂചന രണ്ട് പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ച് സൗകര്യമുള്ള സ്കൂളുകളിൽ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പുതിയ യൂണിറ്റ് ആരംഭിക്കുന്നതിന് സൂചന രണ്ടിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങളുള്ള (വിശദാംശങ്ങൾ www.kite.kerala.gov.in/littlekites/2018/downloads/plan.pdf എന്ന് ലിങ്കിൽ ലഭ്യമാണ്) ഹൈസ്കൂളുകൾ 2019 ജനുവരി 15 നകം www.kite.kerala.gov.in ൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. പുതുതായി യൂണിറ്റ് ആരംഭിക്കുന്നതിന് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ അനുസരിച്ച് യൂണിറ്റ് അനുവദിക്കുന്നതാണ്. പുതിയ യൂണിറ്റുകളുടെ ലിസ്റ്റ് 2019 ജനുവരി 16 ന് www.kite.kerala.gov.in/littlekites ൽ പ്രസിദ്ധീകരിക്കുന്നതാണ്. യൂണിറ്റ് ലഭിക്കുന്ന സ്കൂളുകൾ യൂണിറ്റ് നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

3. മുൻ വർഷം യൂണിറ്റ് ലഭിച്ചതും ഈ വർഷം പുതുതായി യൂണിറ്റ് അനുവദിക്കുന്നതുമായ സ്കൂളുകളിലെ എട്ടാംക്ലാസ് വിദ്യാർഥികൾക്ക് 2019 ജനുവരി 17 മുതൽ 21 വരെ അംഗത്വത്തിന് അപേക്ഷ സമർപ്പിക്കാം (അപേക്ഷയുടെ മാതൃക സൂചന 2 ന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്). ടി അപേക്ഷ സ്കൂൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതും കുട്ടികൾ എഴുതി നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ അംഗത്വത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്.

4. ലിറ്റിൽകൈറ്റ്സ് അംഗത്വത്തിന് പ്രത്യേക അഭിരുചിപരീക്ഷയിൽ നിശ്ചിതസ്കോർ ലഭിക്കേണ്ടതുണ്ട്. പ്രസ്തുത അഭിരുചി പരീക്ഷ 2019 ജനുവരി 23 ന് രാവിലെ 10 മണിക്ക് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂളുകളിലും നടത്തേണ്ടതാണ്.

5. അഭിരുചി പരീക്ഷ കൈറ്റ് ലഭ്യമാക്കുന്ന ചോദ്യങ്ങളുപയോഗിച്ച് പരീക്ഷാദിവസം കൃത്യസമയത്ത് ക്വിസ് മാതൃകയിൽ നടത്തേണ്ടതാണ്. ഇതിനുള്ള ചോദ്യങ്ങളുടെ സോഫ്റ്റ് കോപ്പി പാസ്‌വേർഡ് ഉപയോഗിച്ച് സംരക്ഷിച്ചത് 22.01.2019 -ന് സ്കൂളുകൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതാണ് (ചോദ്യങ്ങളുടെ പാസ്‌വേർഡ്, പരീക്ഷ ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് കൈറ്റ് ലഭ്യമാക്കുന്നതാണ്). സ്കൂളുകൾ ഇത് ഡൗൺലോഡ് ചെയ്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതും പരാതിക്കിട നൽകാതെ കൃത്യമായി പരീക്ഷ നടത്തേണ്ടതുമാണ്.

6. പരീക്ഷയുടെ സമയവും സ്ഥലവും വിദ്യാർഥികളെ മുൻകൂട്ടി അറിയിക്കേണ്ടതും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർഥികൾക്കും പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള അവസരം യൂണിറ്റിന്റെ ചുമതലയുള്ള അധ്യാപകർ ഒരുക്കേണ്ടതുമാണ്.

7. ലിറ്റിൽകൈറ്റ്സ് ചുമതലയുള്ള അധ്യാപകർ, പ്രഥമാധ്യാപകൻ എന്നിവരുടെ ഉത്തരവാദിത്വത്തിലാണ് ഓരോ യൂണിറ്റിലും അഭിരുചി പരീക്ഷ നടത്തേണ്ടത് (കൂടുതൽ വിശദാംശങ്ങൾ ചോദ്യങ്ങളോടൊപ്പം ലഭ്യമാക്കുന്നതാണ്).

8. അഭിരുചി പരീക്ഷയിൽ ചുരുങ്ങിയത് 25% സ്കോർ നേടിയവരെ ലിറ്റിൽ കൈറ്റ്സ് അംഗത്വത്തിന് തിരഞ്ഞെടുക്കേണ്ടതാണ്.

9. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പേരും വിശദാംശങ്ങളും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും 2019 ജനുവരി 30 നകം ഓൺലൈൻ സംവിധാനം വഴി സമർപ്പിക്കേണ്ടതുമാണ്.

10. യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂളിലും അഭിരുചി പരീക്ഷ യഥാസമയം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് എല്ലാ പ്രഥമാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഉപജില്ലയുടെ ചുമതലയുള്ള കൈറ്റ് മാസ്റ്റർട്രെയിനർ ഇത് ഉറപ്പുവരുത്തേണ്ടതും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാകോർഡിനേറ്റർ നൽകേണ്ടതുമാണ്.

**കെ. അൻവർസാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും *(ജില്ലാ കോർഡിനേറ്റർ മുഖേന)*

പകർപ്പ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും- ജില്ലാകോർഡിനേറ്റർ മുഖേന
കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ